DESPATCHED
On. 22/9/22.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 179(1)/2020/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 1628/SIC-G4/2020)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 സെപ്റ്റംബർ 16

ശ്രീ. എ.എസ്. ഷിബു അഹമ്മദ്,
ഉപ്പു വീട്,
ചിറ്റാറ്റുമുക്ക് പി.ഒ., കണിയാപുരം,
തിരുവനന്തപുരം – 695 301.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സൂപ്രണ്ട് (ഇൻ-ചാർജ്ജ്),
   നെടുമങ്ങാട് നഗരസഭാ കാര്യാലയം,
   നെടുമങ്ങാട് പി.ഒ., തിരുവനന്തപുരം–695 541.

2. അപ്പീൽ അധികാരി & മുനിസിപ്പൽ സെക്രട്ടറി,
   നെടുമങ്ങാട് നഗരസഭാ കാര്യാലയം,
   നെടുമങ്ങാട് പി.ഒ., തിരുവനന്തപുരം–695 541.

3. ശ്രീമതി ഷനൂജ കെ.എസ്.,
   റവന്യൂ ഇൻസ്പെക്ടർ,
   നഗരസഭ, തിരുവനന്തപുരം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 3.6.2020–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 4, 7 എന്നീ ഇനങ്ങൾക്ക് മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയുടെ വിശദീകരണം കമ്മീഷൻ തേടിയിരുന്നു. ആയതു പ്രകാരം മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, നെടുമങ്ങാട് നഗരസഭയിൽ 16.9.2019 മുതൽ 7.7.2021–വരെ ടിയാൾ എച്ച്.സി./ആർ.ഐ. തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നുവെന്നാണ്. ടി കാലയളവിൽ സൂപ്രണ്ട്/സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അവധിയിലാകുന്ന സമയത്ത് ടിയാന്റെ ചാർജ്ജ് ടിയാൾക്കാണ് രേഖാമൂലം

നൽകിയിരുന്നതെന്നും ടി കാലയളവിലാണ് പരാതിക്കാരനായ ശ്രീ. ഷിബു അഹമ്മദ് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചതെന്നും സമയപരിധി അവസാനിക്കുന്ന ദിവസമായതിനാലാണ് മൂന്നാം എതിർകക്ഷി മറുപടിയിൽ ഒപ്പിട്ട് നൽകിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്.

2. 19.5.2022 തീയതി മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, നെടുമങ്ങാട് നഗരസഭയിൽ 16.9.2019 മുതൽ 7.7.2021 വരെ എച്ച്.സി./ആർ.ഐ തസ്തികയിൽ ജോലി നോക്കിയിരുന്നു എന്നും, നെടുമങ്ങാട് നഗരസഭയിൽ സൂപ്രണ്ട്/എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീമതി ജെസിമോൾ പി.വി. അവധി എടുക്കുന്ന ദിവസങ്ങളിൽ സൂപ്രണ്ട്/എസ്.പി.ഐ.ഒ. ചാർജ്ജ് ടിയാൾക്കാണ് നൽകിയിരുന്നതെന്നും രണ്ട് റവന്യു ഇൻസ്പെക്ടർമാർ ഉണ്ടായിരുന്ന ടി നഗരസഭയിൽ ടിയാൾ ചാർജെടുക്കുമ്പോൾ റവന്യു ഇൻസ്പെക്ടറായി ടിയാൾ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നും നെടുമങ്ങാട് നഗരസഭയിലെ 39 വാർഡുകളുടെയും ചുമതല ടിയാൾക്കായിരുന്നു എന്നും ഫീൽഡ് വിസിറ്റ്, അതിനെ തുടർന്നുള്ള ഫയൽ നടപടികൾ സ്വീകരിക്കുക എന്നിവ തന്നെ റവന്യു ഇൻസ്പെക്ടർ എന്ന നിലയിൽ ജോലിഭാരം കൂടിയ അവസ്ഥയിലായിരുന്നു എന്നും ടി ജോലികൾക്കിടയിലാണ് സൂപ്രണ്ട് അവധിയിലാകുന്ന ദിവസങ്ങളിൽ അധിക ചാർജ്ജുകൂടി നൽകിയിരുന്നതെന്നും ടി സമയങ്ങളിൽ മറ്റു സെക്ഷനുകളിൽ നിന്നും കൊണ്ടു വരുന്ന ഫയലുകൾ പരിശോധിക്കാറുണ്ടായിരുന്നു എന്നും ടി ഫയലുകൾ വായിക്കുവാൻ പോലുമുള്ള സമയം കിട്ടില്ലായിരുന്നു എന്നും വിവരാവകാശത്തിന് മറുപടി കൊടുക്കേണ്ട അവസാന ദിവസമായതിനാലും അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ എല്ലാം പരിശോധിച്ച് എഴുതിക്കൊണ്ടു വന്ന മറുപടി എന്ന വിശ്വാസത്തിലുമാണ് പ്രസ്തുത മറുപടിയിൽ ടിയാൾ ഒപ്പിട്ടതെന്നും അല്ലാതെ നിരുത്തരവാദിത്തപരമായ മറുപടി നൽകിയതല്ലായെന്നും ടിയാളിൽ നിന്നും മനഃപ്പൂർവ്വമല്ലാതെ ഉണ്ടായ വീഴ്ച മാപ്പാക്കി ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ്.

3. ടി വിശദീകരണവും നേരിൽ കേട്ട വേളയിൽ മൂന്നാം എതിർകക്ഷിയായ ശ്രീമതി ഷനൂജ കെ.എസ്., ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു. പരാമർശിത കാലയളവിൽ എസ്.പി.ഐ.ഒ.യുടെ ചാർജ് വഹിച്ചിരുന്ന ശ്രീമതി ഷനൂജ, ടിയാരിക്ക് സംഭവിച്ച മനഃപ്പൂർവ്വമല്ലാത്ത വീഴ്ചയ്ക്ക് കമ്മീഷനു മുമ്പാകെ മാപ്പപേക്ഷിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ടിയാരിക്കെതിരെയുള്ള നടപടി കമ്മീഷൻ ഒഴിവാക്കുന്നു. അതേ സമയം ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട 2 ചോദ്യങ്ങൾക്കുള്ള മറുപടി ടിയാന് നിലവിലെ എസ്.പി.ഐ.ഒ.

അയച്ചു കൊടുക്കേണ്ടതും ഇക്കാര്യം 24.9.2022-നകം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

4. മേൽ പ്രസ്താവിച്ച പ്രകാരം ടി ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 സെപ്റ്റംബർ മാസം 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി